
# Lourde Voice

## ലൂർദ്ദ് വോയ്സ്

JULY - AUG 2023




**LOURDES FORANE CHURCH**

GANDHIPURAM, COIMBATORE

www.lourdesforane.com

www. lourdematrimonial.com





Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

**BEETEX® INDUSTRIES**

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ
WWW.LOURDESFORANE.COM

പുസ്തകം 1 | ജൂലൈ – ആഗസ്റ്റ് | ലക്കം 8

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30

Chief Editor:
Fr. Shajan Cheeraban
Ph: 8015371008
Sub- Editor:
Fr. Joseph J Ariyappallil MCBS
Ph: 9446926203
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Mr. Poulose
Mr. P.J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Mr. Joffy C. J.
Kaikkars
Mr. P.K Antony
Mr. C.G Antony
Mr. V.M Antony
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Mercitta FCC
PRO:
Mr. James M. A.
Ph: 9843316164

എഡിറ്റോറിയൽ

ഇടയമൊഴി

Embracing the Spirit of Dukrana in Faith and unity

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ


ഓർമ്മിക്കേണ്ട ദിവസങ്ങൾ

സഭാവാർത്തകൾ

Catechism News

Kids Corner

Marian Knowledge



## എഡിറ്റോറിയൽ



ദീപാ ബിജു

# വിശ്വാസവും വിശ്വാസപരിശീലനവും

വിശുദ്ധ കുർബാനയിലും ഇതര കൂദാശകളിലുള്ള ആഴമായ ബന്ധം കഴിഞ്ഞാൽ കത്തോലിക്കാ കുടുംബത്തിലെ ഒരു കുട്ടി ചെന്നു നിൽക്കേണ്ടത് വിശ്വാസപരിശീലന ക്ലാസ്സുകളിലാണ്. വിശ്വാസപരിശീലന ക്ലാസുകൾ നടക്കുമ്പോൾ കുട്ടികളെ ക്ലാസ്സിലാക്കിയതിനുശേഷം അവർ വരുന്നതുവരെ ധാരാളം മാതാപിതാക്കൾ പള്ളിയിലും പരിസരത്തുമായി കഴിയുന്നതായി കണ്ടിട്ടുണ്ട്. മാതാപിതാക്കൾ കാണിക്കുന്ന ഈ വലിയ താല്പര്യത്തിനു മുന്നിൽ ആദരവ് അറിയിക്കുന്നു. എന്നാൽ ചില മാതാപിതാക്കൾ വളരെ താഴത്തെ നിലയിൽ നിന്ന് വിശ്വാസപരിശീലനത്തെ കാണുന്നു. രൂപതാസ്ഥാപനങ്ങളിലോ, മറ്റ് ക്രിസ്ത്യൻ സ്ഥാപനങ്ങളിലോ ഉന്നത വിദ്യാഭ്യാസത്തിന് സീറ്റ് കിട്ടാനുള്ള ഉപാധിയായി വിശ്വാസപരിശീലന സർട്ടിഫിക്കറ്റുകളെ കാണുന്ന പ്രവണത എവിടെയെങ്കിലും ചെന്നിട്ട് പരിഗണന ലഭിക്കാത്തതുകൊണ്ട് എന്തിന് വിശ്വാസപരിശീലനക്ലാസ്സുകൾ എന്ന് ചോദിക്കുന്ന മാതാപിതാക്കളേയും കാണാനിടയായിട്ടുണ്ട്. രൂപതക്കോ, വികാരിയച്ചനോ വേണ്ടി മാതാപിതാക്കൾ ചെയ്യുന്ന മഹത്തായ ഔതാര്യമാണോ കുട്ടികൾക്ക് വിശ്വാസപരിശീലനം നല്കുന്നു എന്നത് ! നമ്മുടെ കുഞ്ഞുങ്ങളെ വിശ്വാസത്തിലും സന്മാർഗ്ഗത്തിലും ആഴപ്പെടുത്തും എന്നതാണ് വിശ്വാസപരിശീലന ക്ലാസുകൾ വഴി നാം ലക്ഷ്യം വയ്ക്കേണ്ടത്. സ്വർഗ്ഗരാജ്യമെന്ന വലിയ ലക്ഷ്യത്തിൽ നമ്മുടെ മക്കൾ എത്തിച്ചേരാനായി

അവിടെ ചില ഗ്രേസ് മാർക്കുകൾ ലഭിക്കാനായി മക്കളെ വിശ്വാസ പരിശീലന ക്ലാസുകളിലേക്കയയ്ക്കുന്ന മാതാപിതാക്കളായി എല്ലാവരും മാറേണ്ടിയിരിക്കുന്നു.

എന്താണ് സ്കൂളുകളിലെ വിദ്യാഭ്യാസരീതിയിൽ നിന്നും വിശ്വാസപരിശീലന ക്ലാസുകളെ വ്യത്യസ്തമാക്കുന്നത്? ബുദ്ധിയിൽ അറിയുന്ന കാര്യങ്ങളെ പരീക്ഷാ ദിവസം അവതരിപ്പിക്കുമ്പോൾ സ്കൂളുകളിൽ പഠിക്കുന്ന ഏത് വിഷയത്തിനും പൂർണ്ണതയായി. എന്നാൽ പരീക്ഷയിൽ അവസാനിക്കുന്നതല്ല വിശ്വാസം. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാവത്തിലൂടെ പ്രകടമാക്കുമ്പോഴാണ് വിശ്വാസ പരിശീലനം ലക്ഷ്യപ്രാപ്തിയിലെത്തുക. ഈ ലോകത്തിൽ നേരിടുന്ന പരീക്ഷണങ്ങളെ അതിജീവിക്കാൻവേണ്ട കരുത്ത് നേടുന്നതാണ് വിശ്വാസം.

ഇത്തരം ഒരു ജീവിതം ചെന്നെത്തി നിൽക്കുന്നത് ദൈവത്തിന്റെ രക്ഷയിലും സ്വർഗ്ഗരാജ്യത്തിലുമായിരിക്കും. വിശ്വാസപരിശീലനം ഉപേക്ഷിക്കുകയെന്നാൽ ഒരു കൃഷിക്കാരൻ തന്റെ നിലം ശരിയായി ഉപയോഗിക്കേണ്ടത് എങ്ങിനെ എന്നറിയാത്തതുകൊണ്ട്; അത് കൃഷിചെയ്യാതെയിട്ട്; അവിടെ കളകൾ വളരാൻ അനുവദിക്കുന്നത് പോലെയാണ്. നമ്മുടെ കുട്ടികളെ വിശ്വാസപരിശീലനത്തിന് അയയ്ക്കുന്നത് ഗ്രേസ് മാർക്കിനോ, സർട്ടിഫിക്കറ്റിനോ, അഡ്മിഷനോ വേണ്ടിയാകരുത്. മറിച്ച് കർത്താവായ ഈശോയുടെ രക്ഷ അവരിൽ ഉണ്ടാകാനാകണം.

# ഇടയമൊഴി



ഫാ. ഷാജൻ ചീരമ്പൻ
വികാരി

ഈശോമിശിഹായിൽ സ്നേഹമുള്ള സഹോദരങ്ങളേ,

എല്ലാവർക്കും സുഖമാണെന്ന് കരുതുന്നു.

ഗാന്ധിപുരം ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും ഈശോയുടെ സമാധാനം ആശംസിക്കുന്നു. ഈ ഇടവകയിൽ എത്തിയിട്ട് ഒരു മാസം കഴിഞ്ഞു. നിങ്ങൾ എല്ലാവരും നൽകുന്ന സ്നേഹത്തിനും കരുതലിനും സ്നേഹപൂർവം നന്ദി പറയുന്നു. ജൂലൈ മാസം സീറോ മലബാർ ക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ വിശ്വാസ പൈതൃകത്തിന്റെ ഓർമ്മ ആചരിക്കുന്ന മാസമാണ്.

തോറാന തിരുനാൾ, ദുക്റാന തിരുനാൾ എന്നിങ്ങനെയുള്ള വാക്കുകൾ നമുക്ക് സുപരിചിതമാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാസ് ശ്ലീഹയുടെ മരണ തിരുനാൾ നാം ആചരിക്കുന്ന മാസമാണ് ജൂലൈ മാസം. ജൂലൈ മൂന്നാം തീയതി കടമുള്ള ദിവസമാണ്. ഓഗസ്റ്റ് മാസം പരിശുദ്ധഅമ്മയെയും നമ്മൾ പ്രത്യേകം അനുസ്മരി ക്കുന്നുണ്ട്. ഓഗസ്റ്റ് 15 അമ്മയുടെ സ്വർഗ്ഗരോപണതിരുനാൾ ആണല്ലോ. ഓഗസ്റ്റ് പതിനഞ്ചാം തീയതിയും കടമുള്ള ദിവസമാണ്. ഈ രണ്ടു ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാൻ എല്ലാരും ശ്രദ്ധിക്കുമല്ലോ.

ഈ കൊച്ചു കത്തിലൂടെ അച്ചൻ നിങ്ങളെ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത് ഒരു കുഞ്ഞുവചനമാണ്. സങ്കീർത്തനങ്ങൾ, 107, 2-3 'കർത്താവിനാൽ രക്ഷിക്കപ്പെട്ടവർ ഇങ്ങനെ പറയട്ടെ! കഷ്ടതയിൽ നിന്ന് അവിടുന്ന് അവരെ രക്ഷിച്ചു. ദേശങ്ങളിൽ നിന്ന്, കിഴക്കുനിന്നും പടിഞ്ഞാറു നിന്നും വടക്കു നിന്നും, തെക്കുനിന്നും അവിടുന്ന് അവരെ ഒരുമിച്ചു കൂട്ടി. 'നമ്മെ ഈ ദേശത്ത് ഒരു ബലിപീഠത്തിനു ചുവട്ടിൽ ഒരുമിച്ചു കൂട്ടി സംരക്ഷിക്കുന്ന പിതാവായ ദൈവത്തിലുള്ള വിശ്വാസത്തിൽ വളരാൻ നമുക്ക് സാധിക്കട്ടെ. എല്ലാ ദിവസവും രാവിലെ ഈ വചനം നമുക്ക് ഉരുവിട്ടുകൊണ്ട് നമ്മുടെ ജീവിതം ജീവിക്കാം.

സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!



# Embracing the Spirit of Dukrana in Faith and Unity

Fr. Joseph Ariyappallil MCBS

**Dear friends in Jesus, Happy Dukrana to all.**

The month of July holds a special significance as we remember and honour the courageous Saint Thomas. The life and faith of Saint Thomas serve as an inspiring example for all believers. His courageous proclamation of "My Lord, my God" after encountering the risen Christ demonstrates his deep devotion and unwavering belief.

In today's world, where faith can face challenges and doubts, we can find strength and encouragement in Saint Thomas' words and actions. His willingness to follow Jesus, even unto death, is a reminder of the importance of commitment and steadfastness in our own faith journeys.

Saint Thomas teaches us the significance of patient waiting. Although he initially doubted the resurrection of Jesus, he patiently waited for the Lord's appearance and received the incredible opportunity to touch Christ's wounds. This encounter deepened his understanding of who Jesus truly was.

As we navigate through this season, let us remember Saint Thomas' example. May his life inspire us to hold onto firm faith, trusting that the Lord hears our prayers and will bring about the answers we seek. Just as Saint Thomas experienced the joy of encountering the resurrected Christ, we too can find fulfilment and meaning in our waiting when we

place our trust in the Lord. As we reflect on the life and faith of Saint Thomas, let us draw inspiration from his example. Let us not be discouraged by doubts or uncertainties, but rather seek the truth with patience, perseverance, and an open heart. May we be open to encountering the resurrected Christ in our lives and allow His presence to transform our doubts into unwavering faith.

May the intercession of Saint Thomas strengthen our faith and draw us closer to the Lord, enriching our spiritual lives as we journey in the footsteps of our brave and faithful patron saint.

On this special occasion, I pray that God blesses you abundantly, granting you peace, joy, and prosperity in all aspects of your lives. May the blessings of Dukrana be a constant reminder of God's love and faithfulness, inspiring you to live your lives as faithful disciples of Jesus Christ.

Once again, happy Dukrana to you and your loved ones! May this festive season be filled with God's grace and blessings.





# ഇടവക വാർത്തകൾ

## സ്നേഹപൂർവ്വം

നമ്മുടെ ഇടവകയിൽ വിവിധ വർഷങ്ങളായി സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ കർമ്മമേഖലകളിലേക്ക് സ്ഥലം മാറി പോകുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് സ്നേഹപൂർവ്വം നന്ദി. സിസ്റ്റേഴ്സ് മദർ സുപ്പീരിയർ ഫിലോ റെജി, ശാലോം എഫ്.സി. കോൺവെന്റ് എട്ടിമടെയിലേയ്ക്കും, സി.തെരെസ് ജോൺ, സെന്റ് ജോർജ് കോൺവെന്റ് രാമനാഥപുരത്തേയ്ക്കും, സി. ലിസ്യു, അന്നെയ്മേരി കോൺവെന്റ് ഈറോഡിലേക്കും, സി. സോഫി, ഇൻഫന്റ് ജീസസ് കോൺവെന്റ് പല്ലടത്തേയ്ക്കുമാണ് സ്ഥലം മാറി പോയത്. പുതിയ കർമ്മമേഖലകൾ അനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു. പുതിയതായി ഇടവകയിൽ സേവനം ചെയ്യുവാനായി കടന്നുവന്ന മദർ സുപ്പീരിയർ റോസ്, സി.മേഴ്സി ആന്റോ, സി. മേഴ്സിറ്റ, സി. ജീസ് മാത്യു എന്നിവർക്ക് സ്വാഗതവും ആശംസകളും നേരുന്നു.

## ആദ്യകുർബ്ബാന സ്വീകരണം

21.05.2023 ഞായറാഴ്ച 10 മണിക്കുള്ള ആഘോഷമായ കുർബ്ബാനയോട് അനുബന്ധിച്ച് നമ്മുടെ ഇടവകയിലെ 10 കുട്ടികൾ ആഘോഷമായ കുർബ്ബാന സ്വീകരണം നടത്തി. രാമനാഥപുരം രൂപത മെത്രാൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവാണ് മുഖ്യകാർമ്മികത്വം വഹിച്ചത്. തന്റെ തിരക്കേറിയ സമയം മാറ്റിവെച്ച് ഇടവകയിലേക്ക് കടന്നുവന്ന അഭിവന്ദ്യ പിതാവിനും, കുട്ടികളെ പരിശീലിപ്പിച്ച ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, വിശ്വാസപരിശീലകർക്കും, കുട്ടികളെ ഒരുക്കിയ അവരുടെ മാതാപിതാക്കൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ക്രിസ്തുവിനെ ആദ്യമായി സ്വീകരിച്ചപ്പോൾ ഉണ്ടായ വിശുദ്ധിയും ആനന്ദവും എന്നും കൂടെയുണ്ടാവട്ടെയെന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

## ഹൃദയപൂർവ്വം

കഴിഞ്ഞ നാല് വർഷക്കാലം ഇടവകയിൽ സ്തുത്യർഹമായ സേവനം ചെയ്ത് സേലം ഇടവകയിലേക്ക് സ്ഥലം മാറി പോയ ബഹു. തോമസ് കാവുങ്കൽ അച്ചന് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. കഴിഞ്ഞ നാല് വർഷത്തെ അച്ചന്റെ സാന്നിധ്യം ഇടവകയുടെ പുരോഗതിയുടെ നാഴികക്കല്ലായിരുന്നു. കഴിഞ്ഞ നാല് വർഷക്കാലം ഇടവകയെ ആത്മീയമായി ഉണർത്തുകയും വളർത്തുകയും ചെയ്ത തോമസച്ചന് നന്ദിപറയുന്നതിനോടൊപ്പം സേലം ഇടവകയിലേക്ക് യാത്രയായ അച്ചന് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**സ്വാഗതം**

ഗാന്ധിപുരം ഇടവകയുടെ പുതിയ വികാരിയായി കടന്നുവന്ന ബഹുമാനപ്പെട്ട ഷാജൻ ജോസഫ് ചീരമ്പനച്ചന് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.അച്ചന്റെ പ്രവർത്തന മേഖലകൾ ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

**CML National Level Inauguration**

CML സംഘടനയുടെ ദേശീയതല ഉദ്ഘാടനം 20.5.2023-ൽ സാന്തോം പാസ്റ്റർ സെന്ററിൽവച്ച് നടത്തപ്പെട്ടു. ഇടവകയിൽ നിന്ന് CML ഭാരവാഹികളും, ആനിമേറ്റേഴ്സും, കുട്ടികളും പങ്കെടുത്തു.

**വിശ്വാസപരിശീലന ഉദ്ഘാടനം**

ഈ വർഷത്തെ വിശ്വാസപരിശീലന ഉദ്ഘാടനം മെയ് 28-ാം തിയ്യതി ഗാന്ധിപുരം ഫൊറോന പള്ളിയിൽവച്ച് നടത്തപ്പെട്ടു. ജൂൺ 4-ാം തിയ്യതി ഞായറാഴ്ച നമ്മുടെ ഇടവകയിൽ പുതിയ അദ്ധ്യായന വർഷത്തിലെ വിശ്വാസ പരിശീലന ക്ലാസുകൾ ആരംഭിച്ചു.

**A.R.JOSE സെക്രട്ടറി രൂപത പാസ്റ്റർ കൗൺസിൽ**

നമ്മുടെ ഇടവകാംഗമായ ശ്രീ. A.R.JOSE രൂപതയിൽ രണ്ടാം പ്രാവശ്യവും രൂപത പാസ്റ്റർ കൗൺസിൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. ഇടവകയുടെ പേരിൽ പ്രത്യേകം അഭിനന്ദനങ്ങൾ ദൈവം ഏൽപിച്ച ജോലി നന്നായി ചെയ്യുവാൻ നല്ല ദൈവം ജോസ്ചേട്ടനെ അനുഗ്രഹിക്കട്ടെ.

**ദൈവത്തിന്റെ വിളികേട്ട്**

സെന്റ് പീറ്റർ കുടുംബയൂണിറ്റിലെ ശ്രീ തോമസ് പ്രഭു മേനാച്ചേരിയുടെ മകൻ ശ്രീ Anlin ദൈവവിളി സ്വീകരിച്ച് മെയ് 29-ാം തിയ്യതി വൈദീക പരിശീലനത്തിലേക്ക് പ്രവേശിച്ചു. തങ്ങളുടെ ജീവിതത്തിലെ രണ്ടാമത്തെ മകനെയും ദൈവത്തിനു സമർപ്പിച്ച മാതാപിതാക്കൾക്ക് അഭിനന്ദനങ്ങൾ. ദൈവം ഈ മകനെ അനുഗ്രഹിച്ച് തീഷ്ണതയുള്ള വൈദികനാക്കി മാറ്റട്ടെ.

**വിവാഹിതരായി**

1. സെന്റ് മേരീസ് യൂണിറ്റ് തട്ടിൽ ആന്റോപ്രകാശ് + റാണി മകൾ മരിയ ആന്റോണിറ്റ (Maria Antonette) കോയമ്പത്തൂർ രൂപത കരുമ്മത്താംപ്പെട്ടി ഹോളി റോസറി ബസിലിക്കാ ലിയോ ഇറുദയ പുഷ്പരാജ്+ ആരോഗ്യമേരി മകൻ ഡെൻസിൽ ആന്റണി (Densel Antony)22.05.2023 വിവാഹിതരായി.

2. സെന്റ് ജോസഫ് യൂണിറ്റ് തൈക്കാട്ടിൽ ഇഗ്നേഷ്യസ്+ ലിജു ഇഗ്നേഷ്യസ് മകൻ ജോജു സൻജീവ് (Sanjeev+Joy Antherjanam)ജോയ് അന്തർജനം മകൾ ശ്രുതി 17.05.23 വിവാഹിതരായി.

3. പുരുഷോത്തമൻ+ ഗീത മകൾ കവിത രാമനാഥപുരം ഹോളിട്രിനിറ്റി കത്തീഡ്രൽ ചീരമ്പൻ തോമസ്+ ബിന്ദു തോമാസ് മകൻ എഡ്വിൻ (Edwin) 14.05.23 ന് വിവാഹിതരായി.






**പുതിയതായി ഇടവകയിൽ സേവനം ചെയ്യുവാനായി കടന്നുവന്ന മദർ റോസ്, സി.മേഴ്സി ആന്റോ, സി. മേഴ്സിറ്റ, സി. ജീസ് മാത്യു എന്നിവർക്ക്  സ്വാഗതവും ആശംസകളും നേരുന്നു.**

## തിരുന്നാൾ ആഘോഷങ്ങൾ

ജൂൺ 11 നു വി. അന്തോണിസ് പുണ്യാളന്റെയും, ജൂൺ 25 നു വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെയും തിരുന്നാൾ ഇടവകയിൽ ആഘോഷിച്ചു. ആഘോഷമായ വിശുദ്ധ കുർബാനയും, ലദീഞ്ഞും, നൊവേനയും മറ്റു പ്രാർത്ഥനകളും തിരുനാളിനെ കൂടുതൽ മനോഹരമാക്കി. തിരുനാൾ ആഘോഷമാക്കുന്നതിന് നേതൃത്വം കൊടുത്ത യൂണിറ്റ് ഭാരവാഹികൾക്കും, അംഗങ്ങ ൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## നിത്യസമ്മാനത്തിന് അർഹരായി...

സെന്റ് ജോർജ് യുണിറ്റ് ത്രേസ്യാ റാഫേൽ (22.5.2023) കർത്താവിൽ നിദ്ര പ്രാപിച്ചു. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

ജോൺ മരിയ വിയാനി യുണിറ്റ് ഒലക്കങ്ങേൽ മറിയം (87) 18.6.2023 കർത്താവിൽ നിദ്ര പ്രാപിച്ചു. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

സെന്റ് ആന്റണി യുണിറ്റ് ചിറ്റാട്ടുകര എൽസി ജോസ് (67) 2062023 കർത്താവിൽ നിദ്ര പ്രാപിച്ചു. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

ഫ്രാൻസിസ് സേവിയർ യൂണിറ്റ് പുറത്തൂർ റാഫേൽ (67) 22.6.2023 കർത്താവിൽ നിദ്ര പ്രാപിച്ചു. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

വിൻസെന്റ് ഡി പോൾ യൂണിറ്റ് കപ്പിത്താൻപറമ്പിൽ E. റീത്ത 25.6.2023 (86)കർത്താവിൽ നിദ്ര പ്രാപിച്ചു. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

സെന്റ്പീറ്റർ യൂണിറ്റ് ചാലിശ്ശേരി മേരി ചാക്കോ (83) 27.6.2023 കർത്താവിൽ നിദ്ര പ്രാപിച്ചു. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

# സംഘടനാവാർത്തകൾ

## പിതൃവേദി

Monthly Prayer

മാസാദ്യബുധനാഴ്ചകളിൽ പിതൃവേദിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രാർത്ഥനാകൂട്ടായ്മയിലേക്ക് ഇനിയും അൽമായർ ആത്മാർത്ഥതയോടുകൂടി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കാരുണ്യ പ്രവർത്തനങ്ങൾ**

ഇടവകയിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സഹായനിധി വിതരണം പിതൃവേദിയുടെ നേതൃത്വത്തിൽ ജൂൺമാസം നടത്തപ്പെട്ടു. പിതൃവേദി അംഗങ്ങളിൽ നിന്നുതന്നെ പിരിഞ്ഞുകിട്ടിയ തുക ഇടവകയിലെ എല്ലാ യൂണിറ്റുകളിൽ നിന്നും അർഹരായ കുട്ടികൾക്ക് അവരവരുടെ വീടുകളിൽ ചെന്ന് നല്കുകയായിരുന്നു. ജൂൺ മാസത്തിൽ തന്നെ സാമ്പത്തികബുദ്ധിമുട്ടനുഭവിക്കുന്ന രണ്ട് കുടുംബങ്ങൾക്കായും ഇടവകയിൽ പിതൃവേദി അംഗങ്ങൾക്കിടയിൽ നിന്നും നല്ലൊരു തുക സമാഹരിച്ച് നല്കുകയുണ്ടായി. കാരുണ്യ പ്രവർത്തനങ്ങൾക്കായ് സന്മനസ്സ് കാണിച്ച എല്ലാ പിതൃവേദി അംഗങ്ങൾക്കും നന്ദി. നല്ല ദൈവം നിങ്ങളെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## മാതൃവേദി ന്യൂസ്

**മാതാവിന്റെ വണക്കമാസം**

മാതാവിന്റെ വണക്കമാസ പരിപാടികൾ വിജയകരമാക്കുവാൻ പരിശ്രമിച്ച എല്ലാ അമ്മമാർക്കും നന്ദി പറയുന്നു. മെയ്1-ാം തിയ്യതി മുതൽ 21-ാം തിയ്യതി വരെയുള്ള ദിവസങ്ങളിൽ ജപമാലയും വണക്കമാസ പ്രാർത്ഥനയും നടത്തുവാൻ യൂണിറ്റുകളിൽ ഭവനങ്ങൾ ഒരുക്കിയ എല്ലാ അമ്മമാർക്കും നന്ദി പറയുന്നു. മെയ് 22-ാം തിയ്യതി മുതൽ 10 ദിവസം ദേവാലയത്തിനു ചുറ്റും നടത്തിയ ജപമാല പ്രദക്ഷിണത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുന്നു. മെയ് 31-ാം തിയ്യതി സമാപന ദിവസം വളരെ മനോഹരമാക്കുവാൻ അദ്ധ്വാനിച്ച കരങ്ങളെ നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് അൾത്താര അലങ്കാരം, പൂവ് ഡെക്കറേഷൻ, മാതാവിന്റെ തേര്, നേർച്ച എന്നിവക്ക് നേതൃത്വം നൽകിയവരെയും കൈക്കാരന്മാർ, ഗായകസംഘം, അൾത്തരബാലന്മാർ, കപ്യാർമാർ എന്നിവർക്കെല്ലാം നന്ദിയുടെ കൂപ്പുകൈ. അമ്മമാരെ പ്രോത്സാഹിപ്പിച്ച് ഇതിനെല്ലാം തുടക്കം കുറിച്ച ബഹു. തോമസ് കാവുങ്കൽ അച്ചനും പരിശുദ്ധ അമ്മയുടെ കാര്യങ്ങൾക്ക് ഒട്ടും കുറവു വരുത്താതെ എല്ലാം വളരെ മനോഹരമാക്കണമെന്ന് നിർദ്ദേശവും പ്രോത്സാഹനവും നൽകിയ ബഹു ഷാജൻ ചീരമ്പൻ അച്ചനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദിപറയുന്നു. എല്ലാ കാര്യങ്ങളിലും ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ബഹു. ജോസഫ് അച്ചനും ആനിമേറ്റർ സിസ്റ്ററിനും നന്ദിപറയുന്നു. സ്പോൺസർ നൽകിയ എല്ലാ നല്ല മനസ്സുകൾക്കും എല്ലാ ഇടവക അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു...

**നന്ദിയോടെ...**

മാതൃവേദിയുടെ ആത്മീവും ഭൗതികവുമായ വളർച്ചക്ക് നല്ല ഉപദേശങ്ങൾ തന്ന്, തിരുത്തലുകൾ തന്ന് വഴി നടത്തിയ ബഹു. കാവുങ്കൽ അച്ചന് ഹൃദയം നിറഞ്ഞ നന്ദി. പുതിയ മേച്ചൽ പുറങ്ങളിൽ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കാനും പൗരോഹിത്യവഴികളിലൂടെയുള്ള യാത്രകളും ദൈവനി യോഗങ്ങളും ഏറ്റവും അനുഗ്രഹമാകട്ടെയെന്നു ആശംസിക്കുന്നു, പ്രാർത്ഥി ക്കുന്നു.

**ഹൃദ്യമായ സ്വാഗതം**

പുതിയ വികാരി ബഹു. ഷാജൻ ചീരമ്പൻ അച്ചനും, ആനിമേറ്റർ ബഹു. സിസ്റ്റർ റോസിനും ലൂർദ്ദ് മാതൃവേദിയിലേക്ക് ഹൃദ്യമായ സ്വാഗതം.

**പരസ്പര സഹായ നിധി**

2023–2024 "പരസ്പര സഹായനിധി" ജൂലായ് മാസത്തിൽ ആരംഭിക്കുന്നു. അമ്മമാർക്ക് ഒരു കൈതാങ്ങ് ആകുവാൻ ആരംഭിക്കുന്ന ഈ സംരംഭത്തിന് എല്ലാവരുടെയും സഹായ സഹകരണം പ്രതീക്ഷിക്കുന്നു.

**പുതിയ യൂണിഫോം**

മാതൃവേദി പുതിയ യൂണിഫോം സാരി എടുക്കുവാൻ തീരുമാനിച്ചിരിക്കു ന്നു. യൂണിഫോം സാരി വേണ്ട അമ്മമാർ നിങ്ങളുടെ യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളെയോ ഭാരവാഹികളെയോ വിവരം  അറിയിക്കേണ്ടതാണ്. എല്ലാവ രുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**മാതാവിന്റെ സ്വർഗ്ഗാരോപണതിരുന്നാൾ**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും നമ്മുടെ രാഷ്ട്ര ത്തിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ എല്ലാ അമ്മമാർക്കും നേരുന്നു.

**പ്രാർത്ഥനാ ആശംസകൾ**

ആഗസ്റ്റ് 4–ാം തിയ്യതി വൈദീകരുടെ മദ്ധ്യസ്ഥനായ വി. ജോൺമരിയ വിയാനി യുടെ തിരുനാൾ ആഘോഷിക്കുന്ന പൊൻസുദിനത്തിൽ നമ്മുടെ ഇടവക യിൽ നിന്നും അജപാലകരായ റവ ഫാ. ജോസഫ് ആലപ്പാടൻ റവ. ഫാ. തോമസ് കാവുങ്കൽ, റവ. ഫാ. ബിജോ പാലയിൽ, റവ. ഫാ. ബാബു കുറ്റിക്കാ ട്ടിൽ, റവ. ഫാ. ഡെറിൻ പള്ളിക്കുന്നത്ത് എന്നിവർക്കും നമ്മുടെ ഇടവകയിൽ സേവനം ചെയ്യുന്ന വികാരി റവ. ഫാ. ഷാജൻ ചീരമ്പൻ, അസി. വികാരി റവ. ഫാ. ജോസഫ് ആര്യപള്ളിയിൽ എന്നിവർക്കും മുൻകാലങ്ങളിൽ സേവനം ചെയ്ത എല്ലാ വൈദികർക്കും മാതൃവേദിയുടെ പ്രാർത്ഥനാശംസകൾ. ഇവരെ സഭക്കു നൽകിയ  മാതാപിതാക്കൾക്ക് ദൈവാനുഗ്രഹം നേരുന്നു.

**ലേഖന വായന**

വ്യാഴാഴ്ച കുർബാനക്കിടയിൽ ലേഖനം വായിക്കാൻ അമ്മമാർക്ക് അവസരമു ണ്ട്. ലേഖനം വായിക്കാൻ താൽപര്യമുള്ളവർ ഈ അവസരം പ്രയോജനപ്പെടു ത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**ജൂലൈ–2023**

| | |
|---|---|
| 03 | മാർത്തോമ്മാശ്ലീഹയുടെ ദുക്റാനതിരുനാൾ |
| 07 | ആദ്യവെള്ളി |
| 14 | കർത്താവിന്റെ എഴുപത് ശിഷ്യന്മാർ |
| 15 | വി. കുര്യാക്കോസും വി. ജൂലിറ്റായും |
| 16 | കർമ്മലമാതാവ് |
| | പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ |
| 21 | നിസിബിസിലെ വി. യാക്കോബ് |
| 22 | വി. മഗ്ദലനാ മറിയം |
| 23 | മുത്തശ്ശീമുത്തച്ഛന്മാരുടെയും വയോധികരുടെയും ദിനം |
| 25 | യാക്കോബ് ശ്ലീഹ |
| 26 | വി. യോവാക്കിമും വി. അന്നായും |
| 28 | മാർ അദ്ദായിയുടെ ശിഷ്യൻ മാർ. മാറി |
| 29 | വി. മർത്താ |
| 31 | വി ഇഗ്നേഷ്യസ് ലയോള |

**ആഗസ്റ്റ് 2023**

| | |
|---|---|
| 01 | പതിനഞ്ചു നോമ്പാരംഭം, വി. അൽഫോൻസ് ലിഗോരി |
| 04 | വി. ജോൺ മരിയ വിയാനി, ആദ്യവെള്ളി |
| 06 | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 08 | വി. ഡൊമിനിക് |
| 11 | വി. ക്ലാര |
| 14 | വി. മാക്സ് മില്യൻ കോൾബെ |
| 15 | പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, |
| | ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 18 | വി. ശ്മോനിയും ഏഴുമക്കളും |
| 21 | വി. പത്താം പിയൂസ് മാർപാപ്പ |
| 24 | ബർത്തലോമിയ ശ്ലീഹാ |
| 25 | വി. ശിമയോൻ ബർസാബയും, സഹരക്ത സാക്ഷികളും |
| 28 | വി. അഗസ്റ്റിൻ |
| 29 | വി. ഏവുപ്രാസ്യാമ്മ. |

## സഭാ വാർത്തകൾ

1. ഫ്രാൻസിസ് പാപ്പയുടെ നാല്പത്തിയൊന്നാമത് അപ്പസ്തോലിക പര്യടനത്തിന്റെ ഭാഗമായുള്ള ഹംഗറിയിലെ ഇടയസന്ദർശനം ഏപ്രിൽ 28 ന് ആരംഭിച്ച് ഏപ്രിൽ 30ന് പര്യവസാനിച്ചു. 'ക്രിസ്തു നമ്മുടെ ഭാവി' എന്ന ആപ്തവാക്യമാണ് സന്ദർശനത്തിനായി ഫ്രാൻസിസ് പാപ്പ തിരഞ്ഞെടുത്തിരിക്കുന്നത്. വിശുദ്ധ പോൾ ആറാമൻ പാപ്പയ്ക്കും, വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായ്ക്കും, ബെനഡിക്ട് പതിനാറാമൻ പാപ്പായ്ക്കും ശേഷം ഹംഗറി സന്ദർശനം നടത്തുന്ന നാലാമത്തെ പത്രോസിന്റെ പിൻഗാമിയാണ് ഫ്രാൻസിസ് പാപ്പ.

2. ഫ്രാൻസിസ് പാപ്പ രൂപതാധ്യക്ഷനായ റോം രൂപതയിൽ നടന്ന തിരുപ്പട്ട സ്വീകരണത്തിൽ 11 ഡീക്കൻമാർ പൗരോഹിത്യം സ്വീകരിച്ചു. ഏപ്രിൽ 29 നു പാപ്പ ഹംഗറി സന്ദർശനത്തിലായിരിന്നതിനാൽ പാപ്പയുടെ അഭാവത്തിൽ റോം രൂപതയുടെ വികാരി ജനറലായ കർദ്ദിനാൾ ആഞ്ചെലോ ഡെ ഡൊണാറ്റിസ് കാർമ്മികത്വം വഹിച്ചു. സെന്റ് പീറ്റേഴ്സ് ബസലിക്കയിൽവെച്ച് നടക്കുന്ന ചടങ്ങുകൾക്ക് പകരം ഇക്കൊല്ലം സെന്റ് ജോൺ ലാറ്ററൻ ആർച്ച് ബസലിക്കയിൽവെച്ചായിരുന്നു ചടങ്ങുകൾ നടന്നത്.

3. ക്രിസ്ത്യൻ സഭകളുടെ ആത്മീയ കൂട്ടായ്മയുടെ അടയാളമായി കത്തോലിക്ക സഭയുടെ രക്തസാക്ഷിത്വ പട്ടികയിൽ ഇസ്ലാമിക് സ്റ്റേറ്റ്സ് തീവ്രവാദികൾ കൊലപ്പെടുത്തിയ 21 കോപ്റ്റിക് ഓർത്തഡോക്സ് രക്തസാക്ഷികളെ ഉൾപ്പെടുത്തുമെന്ന് ഫ്രാൻസിസ് മാർപാപ്പ.
2015-ൽ ലിബിയയിലെ തീരദേശ നഗരമായ സിർട്ടെയിലെ കടൽക്കരയിലുള്ള ഹോട്ടലിന് സമീപത്തുവെച്ചായിരുന്നു ഇസ്ലാമിക് സ്റ്റേറ്റ്സ് തീവ്രവാദികൾ ഇസ്ളാമിക സൂക്തങ്ങൾ ഉരുവിട്ട് ക്രൈസ്തവ കൂട്ടക്കൊല നടത്തിയത്.

4. തെക്കേ അമേരിക്കയിലെ ഏറ്റവും ചെറിയ രണ്ടാമത്തെ രാജ്യമായ ഉറുഗ്വേയിലെ സഭയുടെ പിതാവായി അറിയപ്പെടുന്ന ബിഷപ്പ് ജസീന്തോ വെര വാഴ്ത്തപ്പെട്ട പദവിയിൽ. രാജ്യത്തെ ആദ്യത്തെ മെത്രാനായ ബിഷപ്പ് ജസീന്തോയെ മെയ് ആറാം തീയതിയാണ് വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയത്. രാജ്യത്തെ ആദ്യത്തെ വാഴ്ത്തപ്പെട്ട പദവി

പ്രഖ്യാപന ചടങ്ങ് ആയിരുന്നതിനാൽ വലിയ ആഘോഷ പരിപാടികളാണ് രാജ്യമെമ്പാടും സംഘടിപ്പിക്കപ്പെട്ടത്.

5. ഒക്ടോബറിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിൽ പങ്കെടുക്കുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള അൽമായർക്കും വോട്ടവകാശം ലഭിക്കും. നിലവിൽ അവൈദികരായ സിനഡംഗങ്ങൾക്ക് വോട്ടവകാശം ഇല്ലായിരുന്നു. സിനഡിലെ ചർച്ചകൾക്കുശേഷം നടക്കുന്ന വോട്ടെടുപ്പിലാണ് എല്ലാ അംഗങ്ങൾക്കും വോട്ടവകാശം ഉറപ്പാക്കിയത്. സിനഡിന്റെ അന്തർദേശീയ ഒരുക്ക സമ്മേളനങ്ങളിൽനിന്ന് നിർദേശിക്കപ്പെടുന്ന 140 പേരിൽനിന്ന്, 70 പേരെയാണ് മാർപാപ്പ സിനഡിലേക്ക് തെരഞ്ഞെടുക്കുന്നത്. ഇവരിൽ വൈദികരും കന്യാസ്ത്രീകളും ഡീക്കന്മാരും അൽമായരുമുണ്ടാകും. ഇവർക്കാണ് വോട്ടവകാശം ലഭിക്കുന്നത്.

6. വത്തിക്കാനിലെ സുവിശേഷവത്ക്കരണത്തിനു വേണ്ടിയുള്ള ഡിക്കാസ്റ്ററിയിൽ ആഗോളസുവിശേഷവത്ക്കരണ സംബന്ധമായ മൗലിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സമിതിയിലേക്ക് പുതിയ അംഗങ്ങളെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. കർദ്ദിനാളുമാരും, മെത്രാന്മാരും, വൈദികരും സിസ്റ്റേഴ്സും അൽമായരും ഉൾപ്പെടുന്ന സമിതിയിൽ 19 അംഗങ്ങളാണുള്ളത്. സമിതിയിലേക്ക് പാപ്പ നിയമിച്ചവരിൽ ഇന്ത്യയിൽ നിന്നും ഗോവയുടെ ആർച്ചുബിഷപ്പ് കർദിനാൾ ഫിലിപ്പ് നേരിയും ഉൾപ്പെടുന്നു.

7. സുവിശേഷകനായ വിശുദ്ധ മർക്കോസിന്റെ തിരുനാൾ ദിനമായ ഏപ്രിൽ 25-ന് ചൈനയിലെ ബെയ്ജിംഗ്, വാൻഷൌ, സന്യുവാൻ, ജിലിൻ രൂപതകളിൽ നിന്നായി ആറോളം പേർ തിരുപ്പട്ട സ്വീകരണം നടത്തി. കടുത്ത മതപീഡനത്തിനിടയിലും ചൈനീസ് ക്രിസ്ത്യാനികളുടെ വിശ്വാസ തീക്ഷ്ണതയിൽ യാതൊരു കുറവും വന്നിട്ടില്ലെന്നതിന്റെ ഉദാഹരണമായാണ് ഈ തിരുപ്പട്ട സ്വീകരണങ്ങളെ വിശ്വാസിസമൂഹം നോക്കികാണുന്നത്.

8. ജെയ്പൂർ രൂപതയുടെ പുതിയ അധ്യക്ഷനായി മലയാളി വൈദികൻ ഡോ. ജോസഫ് കല്ലറക്കലിനെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. നിലവിൽ രൂപതയുടെ മെത്രാൻ 78 വയസ്സു പ്രായമുള്ള ഓസ്വാൾഡ് ലൂവിസ് പ്രായപരിധി കഴിഞ്ഞതിനെ തുടർന്ന് സമർപ്പിച്ച രാജി സ്വീകരിച്ചതിനു

ശേഷം ആണ് ഫ്രാൻസിസ് പാപ്പ പുതിയ നിയമന ഉത്തരവ് പുറപ്പെടുവിച്ചത്. രാജസ്ഥാനിലെ തന്നെ അജ്മീർ രൂപതയിലെ വൈദികനും രൂപതാ കത്തീഡ്രൽ വികാരിയുമായി സേവനമനുഷ്ഠിച്ചു വരികെയാണ് അദ്ദേഹത്തിന് നിയമനം ലഭിച്ചത്.

9. കണ്ണൂർ ലത്തീൻ രൂപതാധ്യക്ഷൻ ബിഷപ്പ് അലക്സ് വടക്കുംതലയെ കോട്ടപ്പുറം രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ഫ്രാൻസിസ് പാപ്പ നിയമിച്ചു. കോട്ടപ്പുറം രൂപതയുടെ ദ്വിതീയ ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരിയുടെ രാജി ഫ്രാൻസിസ് പാപ്പ സ്വീകരിച്ചതിനെ തുടർന്നാണ് പുതിയ നിയമനം. കോട്ടപ്പുറം രൂപതക്ക് പുതിയ ബിഷപ്പ് നിയമിതനാകുന്നതുവരെ കണ്ണൂർ രൂപതയുടെ ചുമതലയോടൊപ്പം കോട്ടപ്പുറം രൂപതയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്ററായും ബിഷപ്പ് ഡോ. അലക്സ് വടക്കുംതല പ്രവർത്തിക്കും.

10. ചൂഷണങ്ങൾക്ക് ഇരയായവരും ഉപേക്ഷിക്കപ്പെട്ടവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും അഭയമായ 'മാഹേർ' സംഘടനയുടെ സ്ഥാപകയും സന്യാസിനിയുമായ സിസ്റ്റർ ലൂസി കുര്യൻ ലോകത്തിനു ഏറ്റവും പ്രചോദനമായ നൂറുപേരുടെ പട്ടികയിൽ. പ്രമുഖ ഓസ്ട്രിയൻ മാസികയായ 'ഊം' (OOOM) പ്രസിദ്ധീകരിച്ച 'ദ വേൾഡ്സ് മോസ്റ്റ് ഇൻസ്പയറിംഗ് പീപ്പിൾ 2023' പട്ടികയിലാണ് മലയാളി കൂടിയായ സിസ്റ്റർ ലൂസി ഇടംനേടിയിരിക്കുന്നത്. 2021-ലും സിസ്റ്റർ ഈ പട്ടികയിൽ ഇടം നേടിയിരിന്നു. 2016-ൽ ഇന്ത്യയിൽ വനിതകൾക്ക് നൽകുന്ന പരമോന്നത ബഹുമതിയായ 'നാരി ശക്തി പുരസ്കാരം' സിസ്റ്റർ ലൂസി കുര്യനായിരിന്നു.

11. മെൽബൺ രൂപത ദ്വിതീയ മെത്രാനായി മാർ ജോൺ പനന്തോട്ടത്തിൽ അഭിഷിക്തനായി. പരിശുദ്ധ ദൈവമാതാവിന്റെ സന്ദർശന തിരുനാൾ ദിനമായ മെയ് 31 ബുധനാഴ്ച മെൽബണിലെ ക്യാമ്പെൽഫീൽഡിലുള്ള വിളവുകളുടെ നാഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിലുള്ള ഔർ ലേഡി ഗാർഡിയൻ ഓഫ് പ്ലാന്റ്സ് കൽദായ കത്തോലിക്കാ ദേവാലയത്തിലാണ് മെത്രാഭിഷേക ചടങ്ങുകൾ നടന്നത്.

12. ഒമാനിലെ പ്രഥമ അപ്പസ്തോലിക ന്യൂൺഷോയായി ഫ്രഞ്ച് മെത്രാപ്പോലീത്ത നിക്കോളാസ് തെവേനിനെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. പരിശുദ്ധ സിംഹാസനവുമായി അപ്പസ്തോലിക ബന്ധം

സ്ഥാപിക്കുന്ന 184-മത് രാഷ്ട്രമാണ് ഒമാൻ. കഴിഞ്ഞ ഫെബ്രുവരിയിലാണ് വത്തിക്കാനും സുൽത്താനേറ്റ് ഓഫ് ഒമാനും തമ്മിൽ സമ്പൂർണ്ണ നയതന്ത്ര ബന്ധം സ്ഥാപിച്ച്, വത്തിക്കാനിൽ ഒമാൻ എംബസി സ്ഥാപിക്കുന്നത്.

13. തെക്കേ അമേരിക്കൻ രാജ്യമായ ഇക്വഡോറിലെ ക്വിറ്റോയിൽ 2024 സെപ്റ്റംബർ 8 മുതൽ 15 വരെ നടക്കുന്ന 53-ാമത് അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഔദ്യോഗിക ലോഗോ പുറത്തുവിട്ടു. ”നിങ്ങൾ എല്ലാവരും സഹോദരൻമാരാണ്” എന്ന യേശുവിന്റെ വാക്കുകളിൽ നിന്നും പ്രചോദനം ഉൾകൊണ്ട “ഫാറ്റേർനിഡാഡ് പാരാ സനർ എൽ മുണ്ടോ” (ലോകത്തെ സൗഖ്യപ്പെടുത്തുവാനുള്ള കൂട്ടായ്മ) എന്നതാണ് 53-മത് അന്താരാഷ്ട്ര യൂക്കരിസ്റ്റിക് കോൺഗ്രസിന്റെ മുഖ്യ പ്രമേയം.

14. ലോകമെമ്പാടുമുള്ള ആലംബഹീനർക്ക് താങ്ങും തണലുമായ അന്താരാഷ്ട്ര കാരിത്താസ് സംഘടനയുടെ പുതിയ പ്രസിഡന്റായി ടോക്കിയോ ആർച്ച് ബിഷപ്പ് മോൺ.തർച്ചീസിയോ ഇസാവോ കികുച്ചി നിയമിതനായി. ഇന്ത്യ അടക്കം ഇരുനൂറോളം രാജ്യങ്ങളിൽ സജീവ സാന്നിദ്ധ്യമുള്ള കത്തോലിക്ക സന്നദ്ധ സംഘടനയാണ് കാരിത്താസ്.

15. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ പുതിയ ഡയറക്ടറായി തലശേരി അതിരൂപതാംഗമായ റവ. ഡോ. ഫിലിപ്പ് കവിയിൽ നിയമിതനായി. കത്തോലിക്ക കോൺഗ്രസ് അതിരൂപത ഡയറക്ടർ, പാസ്റ്ററൽ കോ-ഓർഡിനേറ്റർ, സന്ദേശഭവൻ പാസ്റ്ററൽ സെന്റർ ഡയറക്ടർ, ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി പ്രസിഡന്റ്, അതിരൂപത പ്രസ്ബിറ്റീരിയൽ കൗൺസിൽ സെക്രട്ടറി, ആർക്കി എപ്പാർക്കിയൽ കൺസൾട്ടർ എന്നീ നിലകളിലും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്.

16. സീറോ മലബാർ സഭയുടെ അടിയന്തര സിനഡ് സമ്മേളനം ജൂൺ 12 മുതൽ 16 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. എറണാകുളം-അങ്കമാലി അതിരൂപതയിൽ ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തലായിരുന്നു സമ്മേളനത്തിന്റെ മുഖ്യലക്ഷ്യം.

7. ഡോട്ടേഴ്സ് ഓഫ് ഇമാക്യുലേറ്റ് ഹാർട്ട് അംഗമായ സിസ്റ്റർ മേരി ആൻസ വിജയപുരം രൂപതയുടെ വൈസ് ചാൻസലറായി ചുമതലയേറ്റു. കേരളത്തിൽ ആദ്യമായാണ് രൂപതാ വൈസ് ചാൻസലർ ആയി ഒരു സന്യാസിനി നിയമിതയാകുന്നത്. 2017-ൽ നിത്യവ്രത വാഗ്ദാനം നടത്തിയ സിസ്റ്റർ ആൻസ ബാംഗളൂർ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനോൻ നിയമത്തിൽ ലൈസൻഷ്യേറ്റ് നേടിയിട്ടുണ്ട്.

8. കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ വർഷകാലസമ്മേളനം ജൂൺ ആറു മുതൽ എട്ടു വരെ ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പിഒസിയിൽ നടന്നു. സഭയും സമൂഹവുമായും ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. ജൂൺ ആറിനു കത്തോലിക്കാ സന്യാസ സമൂഹങ്ങളുടെ ജനറാൾമാരും പ്രോവിൻഷ്യൾമാരും മെത്രാൻ സമിതിയും ഒരുമിച്ചുള്ള സമ്മേളനവും നടന്നു.

9. കേരളത്തിലെ വിവിധ സന്യസ്ത സമൂഹങ്ങളുടെ കൂട്ടായ്മയായ 'കേരള കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സ്' (KCMS) പ്രസിഡന്റ് സ്ഥാനത്തേക്ക് ഇതാദ്യമായി സന്യാസിനി തെരഞ്ഞെടുക്കപ്പെട്ടു. ദൈവദാസൻ മാർ ഇവാനിയോസ് സ്ഥാപിച്ച ക്രിസ്ത്വാനുകരണ സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായ സി. ഡോ. ആർദ്ര ടകഒ ആണ് കെസിഎംഎസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

10. കേരള സഭാനവീകരണത്തിന്റെ ഭാഗമായി, 2023 ഡിസംബർ 1,2,3 തീയതികളിൽ വല്ലാർപാടം ബസിലിക്കയിൽവെച്ച് കേരള സഭയുടെ ദിവ്യകാരുണ്യ കോൺഗ്രസ് സമുചിതമായി നടത്താൻ കേരള കത്തോലിക്ക മെത്രാൻ സമിതി തീരുമാനിച്ചു. എല്ലാ കത്തോലിക്കാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും മെത്രാൻമാർ, വൈദികർ, സന്യസ്തർ, യുവജനങ്ങൾ എന്നിങ്ങനെ സഭയുടെ വിവിധ തലങ്ങളിൽ നിന്നുള്ളവരും ഇതിൽ പങ്കെടുക്കും.



## Diocese of Ramanathapuram
## SMYM Badminton Competition
## Second Price - Gandhipuram
## Mr Roshan Benny & Mr Adrian Fredrick

## എഴുത്തിനിരുത്തൽ





## Catechetical year 2023-2024 lightning ceremony by our catechism dept








## First holy communion 2023




## Mathavinde Vanakkamaasa Samaapanam 31st May






## Welcoming our New Vicar by SMYM Animator & Office bearers




## Podhuyogam & Sendoff to Rev. Fr. Thomas Kavungal by Pious organisations











## Inauguration of the Gandhipuram Forane Level Catechetical year 2023-2024 dt 28-05-2023







# Our new Vicar Rev Fr Shajan Cheeramban officially taken charge on 22.05.2023






## Bid Adieu








## Mathruvedhi









JOS ALUKKAS
A TRADITION OF FINE JEWELLERY
சில உறவுகள் தைரியம் தரும்
SHUBHA MANGALYAM
2023
Seasons new wedding collection
COIMBATORE: 100 Feet Road, Ph: 0422-2491916
Shop online at www.josalukkasonline.com
ஜோஸ் ஆலுக்காஸ்
TAMIL NADU | KERALA | PUDUCHERRY | KARNATAKA | ANDHRA PRADESH | TELANGANA



**കഴിഞ്ഞ നാല് വർഷക്കാലം നമ്മളിൽ
ഒരാളായി നമ്മളോടൊപ്പമുണ്ടായിരുന്ന
പ്രിയ വികാരിയച്ചൻ**


## ഫാ. തോമസ് കാവുങ്കലച്ചന്

**നന്ദിയും പുതിയ ശുശ്രൂഷ മേഖലയിൽ
എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

**നമ്മുടെ ഇടവകയിൽ പുതിയ
വികാരിയച്ചനായി
കടന്നുവന്നിരിക്കുന്ന**

## ഫാ. ഷാജൻ ചീരമ്പൻ അച്ചന്

**ഗാന്ധിപുരം ഇടവകയിലേക്ക് സ്വാഗതം**





**രാമനാഥപുരം രൂപതയുടെ പുതിയ പാസ്റ്ററൽ
കൗൺസിൽ സെക്രട്ടറിയായി
തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ ഇടവകാംഗമായ**

## ശ്രീ. A.R ജോസിന്

**ഇടവകാംഗങ്ങളുടെ അനുമോദനങ്ങൾ നേരുന്നു.**


Shaju A George
Director - Business Development
Mob: +91 9003364414

ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800
E-Mail: shaju@alertsecuritymart.com web: alertsecuritymart.com

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION

# *Eden Boutique*

*We make your big day more beautiful...*








Specialist on all kinds of bridal bouquets,
Welcome bouquets, Net and satin garlands,
Holy communion candles ,tiara ,veil and pocket broches,
Baptism sets, bride's Maids/flower girls bouquets and wreaths.














Owner : Sowmya
Whatsapp/call for orders
9994448097


BHAARATH
Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778
BHAARATH ELECTRICAL INDUSTRY
78, New Scheme Road, P.N. Palayam,
Coimbatore - 641 037


RYJU. A.J
98946 55227
XFORD SYSTEMS
Smart Computer Solutions
DESKTOP / LAPTOP / PROJECTOR
• Sales • Service • Accessories
